# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 96 28.01.2019- ൽ മറുപടിയ്ക്ക്

## പ്രവാസികൾക്കായുള്ള വിവിധ പദ്ധതികൾ

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികൾക്ക് വീട് നിർമ്മാണത്തിന് ധനസഹായമുൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | കേരള പ്രവാസി ക്ഷേമ നിധിയിലെ അംഗങ്ങളിൽ സ്വന്തമായി വീടില്ലാത്തവർക്ക് വീട് വെയ്ക്കുന്നതിന് ഭൂമി ലഭ്യമാക്കുന്ന ഒരു പദ്ധതിയാണ് ആലോചിക്കുന്നത്. ഭൂമി ലഭ്യമാകുന്ന സ്ഥലങ്ങളിൽ സർക്കാർ ഏജൻസികൾ മുഖേന ബോർഡ് ഭൂമി വാങ്ങി അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിച്ച്, തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ അംഗങ്ങൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ രൂപരേഖ തയ്യാറായി വരുന്നു. |
| ബി) | പ്രവാസികൾക്കായി ഡിവിഡന്റ് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | വിദേശത്തുള്ളവരും തിരിച്ചു വന്നവരും കേരളത്തിന് പുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുമായ പ്രവാസികളുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി സർവ്വതോന്മുഖമായ പുരോഗതി നേടുന്നതോടൊപ്പം പ്രവാസികൾക്ക് ഒരു സ്ഥിര വരുമാനം ലഭിക്കുന്ന സുരക്ഷിതമായ ഒരു നിക്ഷേപ പദ്ധതിയായിട്ടാണ് പ്രവാസി ഡിവിഡന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ ഭേദഗതികൾ |

| | | | |
|---|---|---|---|
| | | | വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) | പ്രവാസികളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുന്നതിനായി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് മൈഗ്രേഷൻ എന്ന സ്ഥാപനം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ? | സി) | കേരളത്തിൽ നിന്നും, വിദേശ രാജ്യങ്ങളിലേക്കും തിരിച്ചും ഉള്ള മലയാളികളുടെ കുടിയേറ്റത്തെ ക്കുറിച്ച് സമഗ്രമായ പഠനവും ഗവേഷണവും നടത്തുന്നതിനായി സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് (CDS) ആസ്ഥാനമായി ഒരു "International Migration Study Centre for Kerala" എന്ന സ്ഥാപനം ആരംഭിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആസൂത്രണ സാമ്പത്തിക കാര്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനമായ CDS രൂപം കൊടുക്കുന്ന പ്രസ്തുത കേന്ദ്രത്തിന് നോർക്ക വകുപ്പിന്റെ പൂർണ്ണ സഹകരണം, സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവ നൽകുന്ന കാര്യം പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**